പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 564 — 05.07.2013 -ൽ മറുപടിയ്ക്ക്

## തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും ഉപഭോക്തൃ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) യും (ബി) യും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. ഉപഭോക്തൃ മേഖല ശക്തിപ്പെടുത്തുന്നതിനും, ഉപഭോക്തൃ ബോധവൽക്കരണത്തിനും വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങൾ, കടമകൾ, ശക്തി എന്നിവയെക്കുറിച്ച് ബോധവത്ക്കരിക്കുക. ഉപഭോക്തൃ പരാതികളും തർക്കങ്ങളും ന്യായമായി പരിഹരിക്കുന്നതിനുള്ള ടോൾഫ്രീ ഹെൽപ്പ് ലൈൻ സംവിധാനം കുറ്റമറ്റതാക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ കണക്കിലെടുത്താണ് പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ശക്തമായ ഉപഭോക്തൃ കമ്മീഷൻ ജില്ലാ ഫോറങ്ങൾ, ശാക്തീകരിക്കപ്പെട്ട സ്കൂൾ കൺസ്യൂമർ ക്ലബുകൾ, ഉപഭോക്തൃ സംഘടനകൾ എന്നിങ്ങനെ സമസ്ത മേഖലയും പരിഷ്കരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) കേരളത്തിൽ പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകൾ, സ്കൂൾ കൺസ്യൂമർ ക്ലബുകൾ, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ എന്നിവയാണ് പദ്ധതിയുമായി സഹകരിക്കുന്നത്. |

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ഡി) ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടമായി ഉപഭോക്തൃ സന്നദ്ധ സംഘടനകൾ, സ്കൂൾ കൺസ്യൂമർ ക്ലബ് ഗൈഡുമാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ/ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. ഉപഭോക്തൃ രംഗത്ത് നിലനിൽക്കുന്ന പോരായ്മകൾ, ഉപഭോക്തൃ സംരക്ഷണ നിയമത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്നിവ ചൂണ്ടിക്കാണിക്കുവാനും ഈ ഏകദിന ശിൽപ്പശാലയ്ക്കു കഴിഞ്ഞു. ഇതിനുപുറമേ ഉപഭോക്തൃ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി ഒരു കർമ്മ പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഇ) സംസ്ഥാനത്ത് ഉപഭോക്തൃ ക്ഷേമനിധി കോർപ്പസ് ഫണ്ടിനായി കേന്ദ്ര സർക്കാർ 7.5 കോടി രൂപ നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായി 2.5 കോടി രൂപയും ലഭ്യമായിട്ടുണ്ട് (ആകെ 10 കോടി രൂപ) ഈ തുകയിൽ നിന്നുള്ള പലിശ ഉപയോഗിച്ചാണ് മേൽ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ